**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ പാർട്ട് ടൈം നൈറ്റ് വാച്ച്മാനായി സേവനമനുഷ്ഠിക്കുന്ന ശ്രീ ആർ.വേലായുധനെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.226/2017/തസ്വഭവ** **തീയതി, തിരുവനന്തപുരം, 16/11/2017**

---

പരാമർശം : 1. ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 23.08.2012 ലെ HRMP No. 240/2005 നം. ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 15.06.2017 ലെ ഇ 9-29305/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 01.07.1995 മുതൽ പാർട്ട്ടൈം നൈറ്റ് വാച്ച്മാൻ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ ആർ. വേലായുധൻ തന്റെ ദീർഘകാലസേവനവും സാമ്പത്തിക ദയനീയാവസ്ഥയും പരിഗണിച്ച് സ്ഥിരനിയമനം ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ച ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കമ്മീഷൻ പുറപ്പെടുവിച്ച 23.08.2012 ലെ എച്ച്.ആർ.എം.പി 240/2005 നമ്പർ ഉത്തരവിൽ ശ്രീ. വേലായുധനെ പഞ്ചായത്ത് സർവ്വീസിൽ ക്രമവൽക്കരിക്കുന്ന കാര്യം അനുകമ്പാപൂർവ്വം പരിഗണിക്കുന്നതിനായി സർക്കാരിലേയ്ക്ക് ആവശ്യമായ ശുപാർശ സമർപ്പിക്കുന്നതിന് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു.

01.04.1983 മുതൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം നൈറ്റ് വാച്ച്മാൻ തസ്തിക അനുവദിച്ച് സ.ഉ(സാധാ) നം. 2044/84/എൽ.എ&എസ്.ഡബ്ല്യു.ഡി, തീയതി 19.06.1984 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത തസ്തികയിൽ 01.07.1995 മുതൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. വേലായുധൻ ജോലി ചെയ്തുവരുന്നതിനാലും പട്ടികജാതി

വിഭാഗത്തിൽപ്പെട്ടയാളാണെന്നത് പരിഗണിച്ചും ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ ആർ. വേലായുധന് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം നൈറ്റ് വാച്ചമാൻ തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകണമെന്ന് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് 19.10.2012 ലെ 7-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും ആയത് ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടെ വെളിച്ചത്തിലും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 19.10.2012 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പാർട്ട്ടൈം നൈറ്റ് വാച്ച്മാൻ തസ്തികയിൽ 01.07.1995 മുതൽ ദിവസവേതനവ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ.ആർ.വേലായുധനെ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട്ടൈം നൈറ്റ് വാച്ച്മാൻ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ. ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
ശ്രീ. ആർ. വേലായുധൻ,പാർട്ട്ടൈം നൈറ്റ് വാച്ച്മാൻ, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല. (സെക്രട്ടറി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുഖേന).
സെക്രട്ടറി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്(നം. DEV-1/212/2017/Fin. തീയതി 28.09.2017 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/116/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ